5

# മാതൃക

നമ്മുടെ വേദഭാഗം സുപരിചിതമാണ്: എന്റെ നാമം, വിളിച്ചിരിക്കുന്ന എന്റെ ജനം, തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ചു, എന്റെ മുഖം അന്വേഷിച്ചു, തങ്ങളുടെ ദുർമാർഗ്ഗങ്ങളെ, വിട്ടുതിരിയുമെങ്കിൽ; ഞാൻ സ്വർഗ്ഗത്തിൽ നിന്നുകേട്ട്, അവരുടെ പാപം ക്ഷമിച്ച്, അവരുടെ ദേശത്തിന്ന് സൗഖ്യം വരുത്തിക്കൊടുക്കും (2 ദിനവൃത്താന്തം 7:14; കെജെവി). ആ വേദഭാഗം വളരെ പ്രചാരത്തിലിരുന്ന ഒരു സമയം ഉായിരുന്നു. അത് വളരെ അപൂർവ്വമായിട്ടേ ഇന്ന് ഉപയോഗിക്കുന്നുള്ളൂ. അത് ഉപയോഗിക്കുമ്പോൾ, സാധാരണ ദേശഭക്തിയുമായി ബന്ധപ്പെടുത്തിയാണ് ഉപയോഗിക്കാറുള്ളത്. സന്ദർഭം പ്രാർത്ഥനയാണ്. ശലോമോൻ നിർമ്മിച്ചതായ ദേവാലയം സമർപ്പിക്കപ്പെട്ടു. അത് യിസ്രായേലിലെ മഹത്തായ ഒരു കാലമായിരുന്നു. ശലോമോൻ പ്രാർത്ഥിച്ചതു 2 ദിനവൃത്താന്തം 6-ലെ ദേവാലയ പ്രാർത്ഥനയാണ്. ദൈവം ആ പ്രാർത്ഥന കേൾക്കുകയും മറുപടി നൽകുകയും ചെയ്തു! 7-ാം അദ്ധ്യായത്തിൽ ദൈവത്തിന്റെ പ്രതികരണം ഉ്. അതാണ് നമ്മുടെ വേദഭാഗ സന്ദർഭം. അത് വായിക്കുകയും ... അറിയുകയും ചെയ്യുക. പ്രാർത്ഥനയുടെ ബൈബിൾ തത്വമാണ് നമ്മുടെ വേദഭാഗം വെളിപ്പെടുത്തുന്നത്. വാസ്തവത്തിൽ, 2 ദിനവൃത്താന്തം 7:14 ഒരു വാക്യത്തിൽ പറഞ്ഞ പ്രാർത്ഥനയാണ്.

പ്രാർത്ഥനയുടെയും ആരാധനയുടെയും മാതൃക വിലയുള്ളതാണ്. അത് ഇന്ന് അടിസ്ഥാനപരമായി ഉപേക്ഷിക്കപ്പെട്ടിരിക്കുകയാണ്. പ്രാർത്ഥനക്ക് ഒരു മാതൃക ഉ്. ദേവാലയ പ്രതിഷ്ഠക്ക് ശലോമോൻ എല്ലാ ഗോത്രങ്ങളിൽ നിന്നും മൂപ്പന്മാരെയും പുരോഹിതന്മാരെയും ക്ഷണിച്ചു. ആവശ്യമുള്ള വസ്തുക്കൾ എല്ലാം ഉായിരുന്നു. ആ ദിവസം വിശുദ്ധ ദിവസമായി പ്രഖ്യാപിച്ചു. മാതൃകക്ക് അതിന്റേതായ സ്ഥാനമു്. ദൈവം ക്രമമുള്ള ദൈവമാണ്. യിസ്രായേൽ യോജിപ്പിലും സമാധാനത്തിലുമായിരുന്നു.

(1) *എന്റെ നാമം, വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം*, ... പ്രാർത്ഥന ദൈവമക്കളുടെ പ്രത്യേക നേട്ടമാണ്. പാപികളുടെ പ്രാർത്ഥന ദൈവം കേൾക്കുന്നതിൽ ഒഴികഴിവ് ഉായേക്കാം എന്നാൽ അതൊരു നിയമമല്ല.[1] പ്രാർത്ഥന അവന്റെ ഭവനത്തിനുള്ളതാണ്. യേശുവിന്റെ നാമത്തിലുള്ള പ്രാർത്ഥനയെ നാം പഠിക്കുമ്പോൾ അതു പലപ്പോഴും കില്ലെന്നു നടിക്കുന്നു. ദൈവം തന്റെ മക്കളുടെ പ്രാർത്ഥന കേൾക്കുകയും മറുപടി നൽകുകയും ചെയ്യുന്നു. നമ്മുടെ വേദഭാഗം യെരുശലേമിൽ ദൈവത്തിന്റെ ആലയത്തിൽ ഉള്ളതാണ്. ദേശം മുഴുവൻ ദൈവത്തെ ആരാധിക്കുവാൻ കൂടി വന്നിരിക്കുന്നു. അതാണ് പ്രാർത്ഥനയുടെ കേന്ദ്രം.

(2) *തങ്ങളെത്തന്നെ താഴ്ത്തും.* പ്രാർത്ഥനാപാഠശാലയിലെ ഓരോ പടിയും നിർണ്ണായകമാണ്. പ്രാർത്ഥനക്കു മുൻപായി താഴ്മയുാകണം. പ്രാർത്ഥനക്കു മുൻപ് മാനസാന്തരം ഉാകണം. അഹംഭാവത്തിന് പ്രാർത്ഥിപ്പാൻ കഴിയുകയില്ല. ജീവനുള്ള ദൈവത്തിന്റെ സാന്നിദ്ധ്യം കേന്ദ്രീകരിച്ചുള്ളതാണ് നമ്മുടെ വേദഭാഗം. ദേവാലയ പ്രതിഷ്ഠയിൽ, ദൈവം വന്നത് അതിവിശുദ്ധ സ്ഥാനത്ത് അധിവസിക്കുവാനാണ്. *ദൈവം!* ദൈവത്തിന്റെ മഹത്വം! അതാണ്

പ്രാർത്ഥനയുടെ ആരംഭം. ദൈവത്തെ കാണുവാൻ കഴിയുന്നത് പ്രാർത്ഥന യുടെയും ആരാധനയുടെയും ഫലമായിട്ടാണ്. യേശുവിന്റെ പ്രത്യേക മനോ ഭാവമായിരുന്നു താഴ്മ. ഗ്രീക്കുകാർ താഴ്മയെ പുച്ഛിച്ചിരുന്നു; അവർ വിചാരി ച്ചത് അത് ബലഹീനതയാണെന്നാണ്. താഴ്മ ആശ്രയമാണ്. നിസ്സഹായത ഏറ്റു പറച്ചിലാണ് താഴ്മ. താഴ്മ സത്യസന്ധതയാണ്, യാഥാർ ത്ഥ്യമാണ്.

(3) *പ്രാർത്ഥിക്കുക.* ആവശ്യമുള്ളവർ പ്രാർത്ഥിക്കും. പശ്ചാത്താപമുള്ള വർ പ്രാർത്ഥിക്കും. എല്ലാ നവോത്ഥാനത്തിനും നവീകരണത്തിനും അടി സ്ഥാനം പ്രാർത്ഥനയാണ്. നവീകരണം പ്രാർത്ഥനയിൽ നിന്ന് മാത്രം ഉാ കുന്നതാണ്. ആദ്യം പ്രാർത്ഥിക്കുക! ഓടാതെ, ഒളിക്കാതെ, കുറ്റപ്പെടുത്താ തെ, നിഷേധിക്കാതെ, പോരാടിക്കൊു *പ്രാർത്ഥിക്കുക*! സംഗീതത്തെ അഭി മുഖീകരിക്കുക! ദൈവമുൻപാകെ ശുദ്ധമായി വരിക! നാം വീഴുവാൻ ദൈവം ആഗ്രഹിക്കുന്നില്ല; എന്നാൽ നാം വീണാൽ, അവൻ നമ്മെ താങ്ങും! എന്തൊരു ദൈവം!

(4) *എന്റെ മുഖം അന്വേഷിക്കുക*. അത് ആകർഷിക്കത്തക്ക പ്രസ്താവന യാണ്! അതിനെ കുറിച്ചു ധ്യാനിക്കുക! അവൻ പറഞ്ഞത്, എന്റെ കൽപനയെ അന്വേഷിക്കുക; സഭയിലേക്ക് തിരിച്ചുവരിക; ഏതാനും ആഴ്ച്ച വിശ്വസ്തരാ യിരിക്കുക എന്നല്ല. അവൻ പറഞ്ഞതു, എന്റെ മുഖം അന്വേഷിക്കുക എന്നാ ണ്. പലരും ദൈവത്തിന്റെ സമ്മാനങ്ങൾ ആഗ്രഹിക്കുന്നു, അല്ലാതെ അവന്റെ സാന്നിദ്ധ്യമല്ല! ദൈവത്തെ നാം ആഗ്രഹിക്കണമെന്ന് അവൻ ഇച്ഛിക്കുന്നു! യഥാർത്ഥമായ പ്രാർത്ഥന ദൈവത്തെ അന്വേഷിക്കലാണ്. നാം അവനെ ആഗ്ര ഹിക്കണം! പ്രാർത്ഥനയിൽ ദൈവസാന്നിദ്ധ്യത്തിലേക്കു വരുവാൻ പരിശീലി ക്കുക.

(5) *അവരുടെ ദുർമാർഗ്ഗങ്ങളെ വിട്ടുകളഞ്ഞ്.* പാപികൾ മാനസാന്തരപ്പെ ടണം. പാപികൾ തങ്ങളുടെ പാപങ്ങളിൽ നിന്ന് വിട്ടുതിരിയണം. വിലകുറഞ്ഞ കൃപയും, പാപം ചെയ്യുവാനുള്ള അധികാരവും അല്ല ദൈവം നല്കുന്നത്. പാപം പാപമാണ്, നഷ്ടപ്പെട്ടവർ നശിച്ചുപോകും.

(6) *സൗഖ്യം.* പാപികളോടു ക്ഷമിക്കുന്നു; ദേശത്തിനു പോലും സൗഖ്യം ലഭിക്കുന്നു. നാം തെറ്റി വീണുപോയാലും, മടങ്ങിവരണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ദൈവം നമ്മെ കേട്ടു നമ്മോടു ക്ഷമിക്കുന്നു. നമ്മുടെ വേദ ഭാഗം വലിയ ഒരു വേദഭാഗമാണ്. വായിച്ചുകൊിരിക്കുക. പശ്ചാത്തപിക്കുന്ന വ്യക്തിയോടു ക്ഷമിക്കും; പശ്ചാത്തപിക്കാത്തവർ നശിച്ചുപോകും. ദൈവം തന്റെ മുന്നറിയിപ്പുകൾ നല്കുന്നു. ദൈവത്തിന്റെ ഭീഷണികൾ അവന്റെ വാഗ്ദാനങ്ങൾ പോലെ യഥാർത്ഥമാണ്. ദൈവം തന്റെ *എല്ലാ* വാഗ്ദാനങ്ങളും നിവർത്തിക്കും. താഴ്മയുള്ളവർ അനുഗ്രഹിക്കപ്പെടും; പാപി ശിക്ഷിക്കപ്പെ ടും. അതാണ് ദൈവാലയത്തിൽ വെച്ച് ദൈവം ശലോമോനോടു പറഞ്ഞത്.

---

കുറിപ്പു

[1]രക്ഷയുടെ വഴിയിലേക്കു നടത്തുന്നതിനുവേ കൊർന്നെല്യോസ് അപേക്ഷി ച്ചപ്പോൾ ദൈവം അവന്റെ പ്രാർത്ഥന കേട്ടു (പ്രവൃത്തികൾ 10:4).

# പ്രാർത്ഥനക്കുള്ള തടസങ്ങൾ

## യാക്കൊബ് 4:14

*... പ്രാർത്ഥനക്കു മുടക്കം വരാതിരിക്കേതിന്നു (1 പത്രൊസ് 3:7).*

പ്രാർത്ഥിക്കുന്നവരുടെ ജീവിതത്തിൽ വലിയ കാര്യങ്ങൾ സംഭവിക്കുന്നു! വിശ്വാസികൾ പ്രാർത്ഥിക്കുമ്പോൾ, ദൈവം എന്തെങ്കിലും പ്രവർത്തിക്കുന്നു! പ്രാർത്ഥിക്കുക എന്നാൽ ദൈവത്തെ അനുവദിക്കുക, നമ്മുടെ ലോകത്തിലേക്കു ക്ഷണിക്കുക എന്നതാണ്! നാം നമ്മോടു തന്നെ നിത്യവും ചോദിക്കാറു്, നാം എന്തുകൊു കൂടുതൽ പ്രാർത്ഥിക്കുന്നില്ല? ദൈവവചനം അതിന്റെ പ്രവൃത്തി ചെയ്യുന്നു; പ്രാർത്ഥന അതിന്റെ പ്രവൃത്തി ചെയ്യുന്നു. എന്റെ ശുശ്രൂഷയിലെ ബലഹീനമായ വസ്തുതയാണ് പ്രാർത്ഥന. നമ്മളെല്ലാം ഏറ്റവും നന്നായി പ്രാർത്ഥിക്കുവാൻ ആഗ്രഹിക്കുന്നു, എങ്കിലും നമ്മുടെ ഏറ്റവും വലിയ പോരായ്മ പ്രാർത്ഥിക്കുന്നതിലാണ്.

> ഓ, എത്ര സമാധാനം നാം പലപ്പോഴും നഷ്ടമാക്കുന്നു,
> ഓ, ആവശ്യമില്ലാത്ത എത്ര വേദന നാം സഹിക്കുന്നു,
> അതെല്ലാം നാം പ്രാർത്ഥനയിൽ ദൈവത്തോട്
> യാചിക്കായ്ക കൊത്രേ.[2]

ഒന്നുകിൽ നാം അല്പം പ്രാർത്ഥിക്കും അല്ലെങ്കിൽ പ്രാർത്ഥിക്കുകയേയില്ല. നാം പ്രാർത്ഥിക്കുമ്പോൾ, പ്രാർത്ഥനകൾ പാഴാക്കുന്നു്. സാത്താൻ നമ്മെ തടുക്കുന്നു! പല കാര്യങ്ങൾ നമ്മുടെ പ്രാർത്ഥനകളെ തടസപ്പെടുത്തുന്നു്. നാം അതു അറിയുകയും, സമ്മതിക്കുകയും, തിരുത്തുകയും വേണം. പ്രാർത്ഥനയിൽ നാം വളരുന്നതു തടസപ്പെടുത്തുന്നത് എന്താണ്?

### പ്രാർത്ഥന ഞെരുങ്ങിയിരിക്കുന്നു

വസ്തുത എന്തെന്നാൽ നാം വളരെ തിരക്കുള്ളവരാണ്. *നല്ലതു ഏറ്റവും നല്ലതിനെ* ഉറപ്പിച്ചിരിക്കുന്നു! തിരക്കുള്ള പരിപാടികളിൽ നാം അടിമപ്പെട്ടിരിക്കുന്നു. നമുക്ക് കുടുംബത്തിനോ, സഭക്കോ, പ്രാർത്ഥനക്കോ, ദൈവത്തിനോ സമയമില്ല! നമ്മുടെ ഉദ്ദേശങ്ങൾ നല്ലതാണ്. നാം പ്രാർത്ഥിക്കുവാൻ ഉദ്ദേശിക്കുന്നു, എന്നാൽ നാം അതിനായി സമയമോ സ്ഥലമോ നിശ്ചയിക്കുന്നില്ല. നാം സാത്താനു എളുപ്പവഴി ഒരുക്കുന്നു. ആ തിരക്കിൽ ഉന്നതമായ പ്രാർത്ഥന ഒരിക്കലും നിങ്ങൾ മനസിലാക്കുകയില്ല. അതു സൗഹൃദത്തിനും, കുടുംബത്തിനും, ദൈവത്തിനും അപമാനമാണ്. *നിങ്ങളുടെ റ്റൈംടേബിൾ അനുസരിച്ചല്ല മുൻഗണന കൊടുക്കേത്; മറിച്ച് മുൻഗണനകൾ അനുസരിച്ചാണ് റ്റൈംടേബിൾ തയ്യാറാക്കേത്.*

നമുക്ക് ഇഷ്ടമുള്ളപ്പോൾ ദൈവത്തോടു സംസാരിക്കുവാനുള്ള അവകാശം ഉ്. ദൈവത്തിന്റെ ഫോൺ ഒരിക്കലും തിരക്കിലായിരിക്കയില്ല! എന്തൊരു ഭയങ്കര യാഥാർത്ഥ്യവും നേട്ടവുമാണ് അത്! നേരെ മറിച്ച്, എന്തൊരു പരീക്ഷണം! നാം നമ്മുടെ സൗകര്യത്തിന് ദൈവത്തെ പ്രാർത്ഥിക്കുന്നു.

നമ്മുടെ സമയമനുസരിച്ചും നിബന്ധനകൾ അനുസരിച്ചുമുള്ളതാകുന്നു പ്രാർത്ഥന. ദൈവത്തിനു കിട്ടുന്നതു ഉച്ഛിഷ്ടം മാത്രമാണ്. ദൈവം അവസാനത്തേതും ഒന്നുമല്ലാത്തതുമാകുന്നു! അതെ, ജീവിതം ചിലപ്പോൾ നമ്മുടെ നിയന്ത്രണത്തിനതീതമാകുന്നു. എങ്ങനെയായാലും, നാം പ്രാർത്ഥനക്കായി നമ്മെ സമർപ്പിക്കണം. നാം തിന്നുന്നു. നാം ഉറങ്ങുന്നു. നാം പ്രാർത്ഥിക്കുന്നു. പ്രാർത്ഥിക്കുവാൻ നമുക്ക് ഒരു സമയവും സ്ഥലവും ഉായിരിക്കണം. പ്രാർത്ഥനക്കു മുൻഗണന ഉായിരിക്കണം. *ആദ്യം പ്രാർത്ഥിക്കുക!* പ്രാർത്ഥന അദ്ധ്വാനമാണ്, കഠിനാദ്ധ്വാനം ആണ്. പ്രാർത്ഥന ആവശ്യപ്പെടുന്നത് നാം ദിവസവും കേട്ട് കാത്തിരിക്കുവാനാണ്! നാം കൂടുതൽ തിരക്കുള്ളവരാകുന്തോറും, അധികം പ്രാർത്ഥിക്കുന്നവരാകണം!

## ഒരു തയ്യാറെടുപ്പിന്റെ കുറവ്

തയ്യാറെടുപ്പ് നിർണ്ണായകമാണ്, എന്നാൽ സാധാരണ അതു കാര്യമാക്കാറില്ല. നിത്യവും പ്രാധാന്യം നൽകുന്ന പ്രാർത്ഥന അല്ലെങ്കിൽ അതുപോലെ പ്രാധാന്യമുള്ള ഒന്നിനും നാം ധൃതിയിൽ പോകരുത്. കോച്ച് ആയ ബഡ് വിൽക്കിൻസൺ ശരിയായി പറഞ്ഞു, അതു ജയിക്കുവാനുള്ള മനസ്സല്ല; പിന്നെയോ തയ്യാറെടുക്കുവാനുള്ള മനസ്സാണ്. വലിയ കാര്യങ്ങൾ വലിയ ഒരുക്കം ആവശ്യപ്പെടുന്നു. വലിയ വിവാഹങ്ങൾക്കു വലിയ ഒരുക്കം ആവശ്യമാണ്. ഖേദമെന്നു പറയട്ടെ, അധികം ദമ്പതികളും തങ്ങളുടെ കുടുംബജീവിതത്തെക്കാൾ വിവാഹചടങ്ങുകൾക്കാണ് പ്രാധാന്യം കല്പിക്കുന്നത്. ദൈവത്തെ കാണുവാൻ, ഒരാൾ തന്നെത്താൻ ശുദ്ധീകരിക്കേതു്.

കുട്ടിയായിരുന്നപ്പോൾ കൃഷിസ്ഥലത്തുനിന്നു ഞാൻ പഠിച്ച പാഠം എന്തെന്നാൽ, ഒരുക്കമാണ് ഏറ്റവും പ്രയാസമുള്ളത് എന്നാണ്. ഒരു വേലി കെട്ടുവാൻ അതിനു വേ സാധനങ്ങൾ ശേഖരിച്ച്, ആ സാധനങ്ങൾ വിയിൽ കയറ്റി, പത്തലിനു വേ ചെറിയ തടികൾ ശിഖരങ്ങൾ കളഞ്ഞ്, പിന്നെ അതിനു വേ കുഴികളെടുക്കണം. വേലി കെട്ടുന്നതു എളുപ്പമുള്ള പണിയാണ്. നമ്മുടെ പല പ്രാർത്ഥനകളും തയ്യാറെടുപ്പില്ലാതെയുള്ളതാണ്. പ്രാർത്ഥനയിൽ അർത്ഥശൂന്യമായ ആവർത്തനം നടത്തുന്നവരാണ് ജാതികൾ (മത്തായി 6).

സ്ഥിരം ശൈലിയുള്ളതും പൊള്ളയായ വാക്കുകളും ആയിരിക്കും നമ്മുടെ പ്രാർത്ഥന. നമ്മുടെ പരസ്യപ്രാർത്ഥന തയ്യാറെടുത്തു *വേണം* നടത്തുവാൻ! ഓരോന്നും ഓർമ്മയിൽ നില്ക്കുവാൻ കുറിച്ചു സൂക്ഷിക്കണം. ചില കാര്യങ്ങൾ പരമപ്രധാനമാണ്. തയ്യാറെടുപ്പ് വിഷമകരമാണ്. തയ്യാറെടുക്കുവാൻ അമാന്തിക്കുന്നതുകൊാണ് നാം പ്രാർ ത്ഥനയിൽ പരാജയപ്പെടുന്നത്. തയ്യാറെടുക്കുവാൻ പരാജയപ്പെടുന്നത് നമ്മുടെ പ്രാർത്ഥനക്കു തടസമാകുന്നു.

## പ്രാർത്ഥിച്ചിട്ടില്ലാത്ത പ്രാർത്ഥനകൾ

ഉത്തരം ലഭിക്കാത്ത പ്രാർത്ഥനയെ കുറിച്ച് മിക്കപേരും വിചാരപ്പെടാറു്; പ്രാർത്ഥിച്ചിട്ടില്ലാത്ത പ്രാർത്ഥനയാണ് യഥാർത്ഥ പ്രശ്നം. ചോദിക്കാത്തതുകൊാത്രേ നമുക്ക് ലഭിക്കാത്തത് (യാക്കൊബ് 4:2). നമ്മുടെ ഏറ്റവും വലിയ പാപവും തെറ്റും പ്രാർത്ഥിക്കുന്നതല്ല. നാം സ്വീകരിക്കുന്നതിനേക്കാൾ അനുഗ്രഹം തരുവാൻ ദൈവം ഒരുക്കമാണ്. പ്രാർത്ഥിക്കാതിരിക്കുന്നതുകൊ

്, നമുക്ക് ദൈവത്തിന്റെ അനുഗ്രഹങ്ങൾ നഷ്ടമാകുക മാത്രമല്ല, നാം പാപവും ചെയ്യുന്നു! മടുത്തു പോകാതെ എപ്പോഴും പ്രാർത്ഥിക്കണമെന്നാണ് യേശു പറഞ്ഞത് (ലൂക്കൊസ് 18:1). പ്രാർത്ഥിക്കാത്ത പ്രാർത്ഥനകളുടെ തെറ്റായ സ്വാധീനവും, ധിക്കാരവും! അനുഗ്രഹങ്ങൾ കല്പിക്കാതെ നമ്മിലേക്കു വരുന്നില്ല. യാചിപ്പിൻ ... അന്വേഷിപ്പിൻ ... മുട്ടുവിൻ! ദൈവം നമ്മെ പ്രാർത്ഥനക്ക് ക്ഷണിക്കുകയും, അഭ്യർത്ഥിക്കുകയും, അപേക്ഷിക്കുകയും, യാചിക്കുകയും ചെയ്യുന്നു!

മക്കളെ അനുഗ്രഹിക്കുവാനാണ് പിതാക്കന്മാർ ആഗ്രഹിക്കുന്നത്. മക്കൾ തങ്ങളോട് ചോദിക്കണമെന്ന് അവർ ആഗ്രഹിക്കുന്നു. ദോഷികളായ നിങ്ങൾ, നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങൾ കൊടുപ്പാൻ നിങ്ങൾക്ക് അറിയാമെങ്കിൽ, നമ്മുടെ സ്വർഗ്ഗീയ പിതാവ് തന്നോടു യാചി ക്കുന്നവർക്ക്, പരിശുദ്ധാത്മാവിനെ എത്ര അധികം നൽകും? (ലൂക്കൊസ് 11:13). നാം ചോദിക്കുന്നില്ല എന്നു മാത്രം! നമ്മുടെ ആവശ്യങ്ങൾ ഒന്നുകിൽ വളരെ വലുതോ അല്ലെങ്കിൽ വളരെ ചെറുതോ എന്നു നാം കരുതുന്നു! ദൈവം നല്കുവാനായി കാത്തിരിക്കുന്നു. നമ്മൾ വിചാരപ്പെടുന്നതും നമുക്കു പ്രവർത്തിക്കുവാൻ അവകാശമുള്ളതുമായ എന്തിനെ കുറിച്ചും പ്രാർത്ഥിക്കുവാൻ, വിശ്വാസികളായ നമുക്ക് അവകാശ മ്! പ്രവൃത്തി ഇല്ലാത്ത പ്രാർത്ഥന നിർജ്ജീവമാണ്, പ്രാർത്ഥന ഇല്ലാത്ത പ്രവൃത്തികളും നിർജ്ജീവമാണ്. ക്രിസ്ത്യാനികൾ മുട്ടിന്മേൽ നിൽക്കുന്നതു കാണുമ്പോൾ ദൈവം അവരെ സ്വന്തം കാലിൽ നിൽക്കുമാറാക്കും. ക്രിസ്തീയ പ്രാർത്ഥനകൾ ഉയരുമ്പോൾ, ദൈവത്തിന്റെ ശക്തി താഴേക്കു വരുന്നു.

### പാപം പാപം പാപം

ശരിയായ ചിന്തയിൽ നിന്നും ശരിയായ ജീവിതത്തിൽ നിന്നും മാത്രമെ ഉന്നതമായ പ്രാർത്ഥന ഉാകുകയുള്ളൂ. വാസ്തവത്തിലുള്ള പ്രാർത്ഥനയുടെ അടിസ്ഥാനം ദൈവവുമായുള്ള ശരിയായ ബന്ധമാണ്. നാം നഷ്ടപ്പെടുകയല്ല രക്ഷിക്കപ്പെടുകയാണു വേത്. നാം സാത്താന്റെ മക്കളാവുകയല്ല ദൈവത്തിന്റെ മക്കളാവുകയാണ് വേത്! പ്രാർത്ഥനയും അനുസരണക്കേടും കൂട്ടിയോജിപ്പിക്കരുത്! ചില പ്രാർത്ഥനകൾ ദൈവം കേൾക്കുകയില്ല അല്ലെങ്കിൽ ഉത്തരം നൽകുകയില്ല എന്ന് മുപ്പതിലധികം പ്രാവശ്യം തിരുവെഴുത്തിൽ സൂചിപ്പിക്കുന്നു്. സാധാരണ, പ്രശ്നം പാപമായിരുന്നു.

> ന്യായപ്രമാണം കേൾക്കാതെ ചെവി തിരിച്ചു കളഞ്ഞാൽ, അവന്റെ പ്രാർത്ഥന തന്നെയും വെറുപ്പാകുന്നു (സദൃശവാക്യങ്ങൾ 28:9).
>
> ദുഷ്ടന്മാരുടെ യാഗം യഹോവക്കു വെറുപ്പ് (സദൃശവാക്യങ്ങൾ 15:8).
>
> യഹോവ ദുഷ്ടന്മാരോടു അകന്നിരിക്കുന്നു, നീതിമാന്മാരുടെ പ്രാർത്ഥനയോ അവൻ കേൾക്കുന്നു (സദൃശവാക്യങ്ങൾ 15:29).
>
> ഞാൻ എന്റെ ഹൃദയത്തിൽ അകൃത്യം കരുതിയിരുന്നുവെങ്കിൽ, കർത്താവ് കേൾക്കയില്ലായിരുന്നു (സങ്കീർത്തനം 66:18).
>
> കർത്താവിന്റെ കണ്ണ് നീതിമാന്മാരുടെ മേലും, അവന്റെ ചെവി അവരുടെ

പ്രാർത്ഥനക്കും തുറന്നിരിക്കുന്നു, എന്നാൽ കർത്താവിന്റെ മുഖം ദുഷ്പ്രവൃത്തിക്കാർക്ക് പ്രതികൂലമായിരിക്കുന്നു (1 പത്രൊസ് 3:12).

> അവന്റെ കൽപനകളെ നാം പ്രമാണിച്ചു അവന്നു പ്രസാദമുള്ളതു ചെയ്യുന്നതുകൊു, എന്തു യാചിച്ചാലും അവങ്കൽ നിന്നു ലഭിക്കും (1 യോഹന്നാൻ 3:22).

ആ തിരുവെഴുത്തു ഭാഗങ്ങൾ വ്യക്തവും ലളിതവുമാണ്. നാം അവനെ ശ്രദ്ധിക്കുവാൻ കൂട്ടാക്കാതിരിക്കുമ്പോൾ ദൈവം നമ്മെയും ശ്രദ്ധിക്കുകയില്ല. പാപം പ്രാർത്ഥനയിൽ നിന്നു നമ്മെ മാറ്റി നിർത്തുന്നു, പ്രാർത്ഥന നമ്മെ പാപത്തിൽ നിന്ന് മാറ്റി നിർത്തുന്നു. എങ്ങനെ യായാലും, ശ്രദ്ധയോടെ ആയിരിക്കുക. നന്മ എന്നത് കൈക്കൂലി അല്ല! പ്രാർത്ഥന ഒരു കൂടി ആലോചന നടത്തൽ അല്ല. അനുഗ്രഹിക്കപ്പെടുവാൻ വേി ഒരാൾ നന്മ ചെയ്യുന്നില്ല. ദൈവം നന്മ ചെയ്യുന്നവരെ അനുഗ്രഹിക്കുകയാണ് ചെയ്യുന്നത്. നല്ലവർക്കു മാത്രമാണ് അനുഗ്രഹിക്കപ്പെടുന്ന സ്ഥാനത്ത് നിൽക്കുവാൻ കഴിയുന്നത്. കേൾക്കുവാനുള്ള അവകാശം മനുഷ്യന് നേടിയെടുക്കാവുന്നതല്ല. ദൈവം പ്രാർത്ഥനയുടെ കരുണയിലല്ല, മറിച്ച് താഴ്മയുള്ളവർക്ക് മാത്രം ദൈവ സന്നിധിയിൽ പ്രവേശിക്കാം!

**സംശയം**

നാം പ്രാർത്ഥിക്കുമ്പോൾ വിശ്വസിക്കണം. വിശ്വാസ സംസാരമാണ് പ്രാർത്ഥന. നമ്മോടു പറഞ്ഞിരിക്കുന്നത്, ... ഒരുവൻ സംശയിക്കാതെ വിശ്വാസത്തോടെ യാചിക്കട്ടെ, ... (യാക്കോബ് 1:5, 6); അതുകൊ് പുരുഷന്മാർ, കോപവും വാഗ്വാദവും വിട്ടുകളഞ്ഞ്, ഓരോരുത്തൻ വിശുദ്ധ കൈകളെ ഉയർത്തി പ്രാർത്ഥിക്കട്ടെ (1 തിമൊഥെയൊസ് 2:8). നാം പ്രതീക്ഷിക്കാതിരുന്നതുകൊല്ല നാം അനുഗ്രഹിക്കപ്പെടാതിരുന്നത്. പ്രാർത്ഥനയിൽ ധൈര്യവും പ്രത്യാശയും ഉൾപ്പെടുന്നു. മനുഷ്യൻ തലതാഴ്ത്തി പ്രാർത്ഥനയിൽ കണ്ണുകൾ മേലോട്ടുയർ ത്തുന്നു. മഴ കാരണം ആരാധനക്കു വരുവാൻ തന്റെ കുട എടുത്ത പ്രായമായ സഹോദരിയുടെ സംഭവം നമുക്ക് ഇഷ്ടപ്പെടുന്നതാണ്! നാം പ്രതീക്ഷിക്കാത്ത കാര്യങ്ങൾക്കുവേി മാത്രമല്ല പ്രാർത്ഥിക്കുന്നത് ചിലപ്പോൾ നാം ആഗ്രഹിക്കാത്ത കാര്യങ്ങൾക്കുപോലും പ്രാർത്ഥിക്കുന്നു! ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാർ ക്രിസ്ത്യാനികളായി തീരുവാൻ പ്രാർത്ഥിക്കുന്നു, എന്നാൽ അവർ മാനസാന്തരപ്പെടണമെന്ന് പ്രതീക്ഷി ക്കുകയോ ആഗ്രഹിക്കുകയോ ചെയ്യുന്നില്ല. സഭകൾ വിശ്വസ്തമായ സാന്നിധ്യമോ ഒരുക്കമോ ഇല്ലാതെ നവീകരണത്തിനായി പ്രാർത്ഥിക്കുന്നു.

ദൈവം നല്ലവനാണ്. യേശുവിന്റെ അടുക്കൽ വന്ന്, വിശ്വാസത്തോടെ സഹായം അഭ്യർത്ഥിച്ചിട്ട്, ലഭിക്കാതെ പോയവർ ആരുമില്ല! അവർ ചോദിച്ചതു തന്നെ എല്ലായ്പ്പോഴും ലഭിച്ചില്ല, എന്നാൽ എല്ലായ്പ്പോഴും അവർക്കാവശ്യമുള്ളതു ലഭിച്ചു. എന്തൊരു രക്ഷകൻ! അവൻ അവരുടെ ശരീരം മാത്രമല്ല സൗഖ്യമാക്കിയത്, അവരുടെ ആത്മാക്കളെയും അവൻ രക്ഷിച്ചു! യിസ്രായേൽ ദൈവത്തിങ്കലേക്ക് മടങ്ങി വന്നപ്പോൾ, അവൻ അവരെ അനുഗ്രഹിച്ചു. വിശ്വാസത്തോടെ പ്രാർത്ഥിച്ച ഒരു മനുഷ്യന്റേയും പ്രാർത്ഥന തള്ളിക്കളഞ്ഞതായി ബൈബിളിൽ രേഖകൾ ഇല്ല. പൗലൊസു പോലും തന്റെ ജഡ

ത്തിലെ ശൂലം നീങ്ങിപ്പോകേതിന് പ്രാർത്ഥിച്ചപ്പോൾ, ദൈവം അവന് അതിനേക്കാൾ നല്ല കൃപ നൽകി (2 കൊരിന്ത്യർ 12). ദൈവം നൽകുന്നതിനോട് നമുക്ക് നന്ദിയില്ല എങ്കിൽ, അവൻ പിന്നെ നമുക്ക് കൂടുതൽ എന്തിനു നൽകണം? നിങ്ങൾ ഇരുമനസ്സ് ഉള്ളവനാണെങ്കിൽ, ദൈവത്തിൽ നിന്ന് ഒന്നും പ്രതീക്ഷിക്കരുത് (യാക്കൊബ് 1:6-8). എബ്രായർ 4:3-ൽ അതിശയകരമായ ഒരു ചിന്ത നൽകിയിട്ടു്: വിശ്വസിച്ചവരായ നാമല്ലോ, സ്വസ്ഥതയിൽ പ്രവേശിക്കുന്നു, ലോകസ്ഥാപനത്തിങ്കൽ പ്രവൃത്തികൾ തീർന്നുപോയ ശേഷവും, അവർ എന്റെ സ്വസ്ഥതയിൽ പ്രവേശിക്കയില്ല എന്ന്, ഞാൻ എന്റെ കോപത്തിൽ സത്യം ചെയ്തു. ലോക സൃഷ്ടിക്കു മുൻപു തന്നെ മനുഷ്യനുവേ എല്ലാ ഉത്തരവും ദൈവം നൽകിയിട്ടു്! വിശ്വാസക്കുറവുള്ളവർ പ്രാർത്ഥന പാഴാക്കുകയാണ്.

പ്രവൃത്തിക്ക്, സൂക്ഷ്മതക്ക്, കഷ്ടതക്ക്, അല്ലെങ്കിൽ നൽകുന്നതിനു, ഒന്നും പകരമായിട്ടുള്ളതല്ല പ്രാർത്ഥന. പ്രാർത്ഥന അത്തരം പരിശ്രമങ്ങൾക്ക് സഹായകരമാണ്. നിങ്ങളുടേതായ ശക്തി കൊു കുറച്ച് അല്ലെങ്കിൽ ഒന്നും തന്നെ നിങ്ങൾക്കു കിട്ടാതിരിക്കും; എങ്കിലും നിങ്ങൾ നിങ്ങളുടെ എല്ലാ ശക്തിയും ഉപയോഗിച്ചു പ്രവർത്തിക്കാതെയിരുന്നാൽ ദൈവം അധികമായി ഒന്നും തരികയില്ല. പ്രാർത്ഥന നിസ്സഹായരായവർക്കുള്ളതാണ്.

പ്രാർത്ഥനയും വിജയ ലക്ഷണവും കൂട്ടികുഴക്കരുത്. നിങ്ങൾക്കു ലഭിക്കുന്നതിന് നന്ദി ഇല്ലാതിരിക്കയും അതു മറ്റുള്ളവർക്കു പങ്കിടാതിരിക്കയും ചെയ്താൽ കൂടുതൽ നൽകുവാൻ ദൈവത്തോട് യാചിക്കരുത്. നിങ്ങൾ അവിശ്വസ്തരായിരുന്നുകൊ് നിങ്ങളുടെ പ്രതിസന്ധിയിൽ ദൈവം ചാടി വീഴണമെന്ന് ആവശ്യപ്പെടരുത്! സംശയത്തിൽ നിന്ന് പൊട്ടിപ്പുറപ്പെടുന്ന പ്രാർത്ഥനയിൽ നിന്ന് വിട്ടു നിൽക്കുക. നിങ്ങൾ യാചിക്കുന്നത് ലഭിക്കുമെന്നു നിങ്ങൾ ഹൃദയപൂർവ്വം പ്രതീക്ഷിക്കുന്നുവോ?

## മറ്റുള്ളവരോടു ക്ഷമിക്കൽ

നാം പരിതാപകരമായി മറക്കാറുള്ള പ്രശ്നങ്ങളിൽ ഉൾപ്പെടുന്നതാണ് മറ്റുള്ളവരോടുള്ള നമ്മുടെ മനോഭാവവും പെരുമാറ്റവും. നാം മറ്റുള്ളവരോടു അപ്രീതി ജനിപ്പിച്ചുകൊു ദൈവവുമായി നിരപ്പിലെത്താൻ സാധ്യമല്ല. മറ്റുള്ളവരോടുള്ള നമ്മുടെ പെരുമാറ്റമാണ് ദൈവം നമ്മോടു പെരുമാറുന്നത് എങ്ങനെയെന്ന് തീരുമാനിക്കുന്നത്. *ആളുകളോടു ശരിയായി പെരുമാറുക!* ഇവിടുത്തെ മുഖ്യ പ്രശ്നം അഹങ്കാരമാണ്. നാം നിഗളിക്കുമ്പോൾ, വെറുപ്പിലും അഭിപ്രായവ്യത്യാസത്തിലും, ദ്രോഹചിന്തയിലും, ജീവിക്കുവാൻ ഇടവരുന്നു. നാം ആളുകളെ നമ്മുടെ സ്വന്തം നേട്ടത്തിനായി ഉപയോഗിക്കുന്നു. പ്രാർത്ഥന നിസ്സഹായരായവർക്കുവേിയുള്ളതാണെന്നു നാം പഠിച്ചുകഴിഞ്ഞതുകൊ്, ആശ്രയം എല്ലാ കുഴപ്പങ്ങളേയും നീക്കുന്നതാണെന്ന് നാം തീർച്ചയാക്കണം. നാം എല്ലാം അപ്പത്തിനും അതു പങ്കിടുവാനും യാചിക്കുന്ന യാചകരെ പോലെയാണ്. നമുക്കെല്ലാം ദൈവം ആവശ്യമായതുകൊ് നമുക്കു പരസ്പരം എല്ലാവരെയും ആവശ്യമാണ്. മാനുഷിക ബന്ധങ്ങളുടെ വിലയെ ഊന്നി വിശദീകരിക്കുന്നതാണ് മത്തായി 5-ഉം 18-ഉം അദ്ധ്യായങ്ങൾ. സഹോദരങ്ങൾ സഹോദരങ്ങളോടു എതിരാകുമ്പോൾ, അവരുടെ പ്രാർത്ഥനാ ജീവിതമാണ് ഹനിക്കപ്പെടുന്നത്.

ഷെയ്ക്സ്പിയർ പറഞ്ഞു, ആകുക, അല്ലെങ്കിൽ അല്ലാതാകുക. യേശു

പറഞ്ഞു, ക്ഷമിക്കുവാൻ, അല്ലെങ്കിൽ ക്ഷമിക്കാതിരിക്കുവാൻ.

> നിങ്ങൾ പ്രാർത്ഥിപ്പാൻ നിൽക്കുമ്പോൾ, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ്, നിങ്ങളുടെ പിഴകളെയും ക്ഷമിക്കേതിന്ന്; നിങ്ങൾക്ക് ആരോടെങ്കിലും വല്ലതും ഉങ്കെിൽ അവനോടു ക്ഷമിപ്പിൻ (മർക്കൊസ് 11:25).
>
> നിങ്ങൾ മനുഷ്യരോട് അവർ അവരുടെ പിഴകളെ ക്ഷമിച്ചാൽ, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളോടും ക്ഷമിക്കും. നിങ്ങൾ മനുഷ്യരോടു പിഴകളെ ക്ഷമിക്കാഞ്ഞാലോ, നിങ്ങളുടെ പിതാവ് നിങ്ങളുടെ പിഴകളെയും ക്ഷമിക്കയില്ല (മത്തായി 6:14, 15).
>
> എളിയവന്റെ നിലവിളിക്ക് ചെവി പൊത്തി കളയുന്നവൻ താനും വിളിച്ചപേക്ഷിക്കും ഉത്തരം ലഭിക്കയില്ല (സദൃശ്യവാക്യങ്ങൾ 21:13).

മത്തായി 5-ൽ ആരാധനക്കുമുൻപ് നിരപ്പു വേണമെന്ന് യേശു പഠിപ്പിച്ചു. ക്ഷമിക്കാത്തവൻ കടന്നുപോകേ പാലത്തെ തകർക്കുകയാണ്. നാം ക്ഷമിച്ചില്ല എങ്കിൽ ദൈവവും ക്ഷമിക്കയില്ല. പാപക്ഷമയിൽ ദുരഭിമാനം, വെറുപ്പ്, നീരസം എന്നിവയും അടങ്ങുന്നു! നാം മറ്റുള്ളവർക്ക് ചെയ്യുവാൻ മടിക്കുന്നത് നമുക്ക് ദൈവത്തോട് അപേക്ഷിക്കുവാൻ കഴിയുമോ?

> നാം ജീവിച്ചിരിക്കുമ്പോൾ ഭൂമി മുഴുവൻ
> നീതിയും കരുണയും വാഴട്ടെ.
> നമ്മുടെ സഹോദരൻ ക്ഷമിക്കേതിന്
> നാം ക്ഷമിക്കുകയും അധികവും മറക്കുകയും
> ചെയ്യേതാണ്.
>
> ഏണെസ്റ്റ് ബി. അല്ലെൻ

***"കർത്താവേ, ഞാൻ പ്രാർത്ഥനയിൽ വിശ്വസിക്കുന്നില്ല...***
***എനിക്ക് നിന്നിൽ വിശ്വാസമു്.***
***വിശ്വാസത്തിൽ പ്രാർത്ഥിപ്പാൻ എന്നെ പഠിപ്പിക്കേണമേ."***

---

കുറിപ്പു

[2]ജോർജ് സ്ക്രൈവെൻ, വാട്ട് എ ഫ്രെ് വി ഹാവ് ഇൻ ജീസസ്. ടെക്സാസിലെ, അബിലീനിലുള്ള, എസിയു പ്രെസിന്റെ അനുവാദത്തോടു തന്നിരിക്കുന്നു.